# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ .1997 22.01.2014-ൽ മറുപടിക്ക്

## കൊയിലാണ്ടി ഫിഷിംഗ് ഹാർബർ നിർമ്മാണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.ദാസൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം കൊയലാണ്ടി ഫിഷിംഗ് ഹാർബർ നിർമ്മാണത്തിനായി സ്വീകരിച്ച നടപടികൾ ഏതെല്ലാമെന്നും ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊയിലാണ്ടി മത്സ്യബന്ധന തുറമുഖത്തിന്റെ ഭാഗമായ 1515 മീ. നീളമുള്ള പ്രധാന പുലിമുട്ടിന്റെ അവസാനത്തെ 133 മീ. നിർമ്മാണവും വാർഫ്, ലേലപ്പുര, റിക്ലമേഷൻ ബണ്ട് എന്നിവയുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായ കിണർ, വാട്ടർ ടാങ്ക് എന്നിവയുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടി പദ്ധതിയ്ക്കായി 14,80,33,653/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയുടെ നടപടികൾ ഏത് ഘട്ടത്തിലാണ് എന്നും വ്യക്തമാക്കാമോ ? | (ബി) | ഈ പദ്ധതിയുടെ പ്രധാന ഘടകമായ പുലിമുട്ടുകളുടെ നിർമ്മാണം, വാർഫ്, ലേലപ്പുര, റിക്ലമേഷൻ ബണ്ട് എന്നിവ പൂർത്തിയായിട്ടുണ്ട്. കിണർ, വാട്ടർ ടാങ്ക് എന്നിവയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ശേഷിക്കുന്ന അനുബന്ധ ഘടകങ്ങളായ ഷോപ്പുകൾ, ടോയലറ്റ് ബ്ലോക്ക്, ലോക്കർ മുറികൾ, കാന്റീൻ കെട്ടിടം, ഗേറ്റ് ഹൗസ്, ചുറ്റുമതിൽ, പാർക്കിംഗ് ഏരിയ, ഇന്റേണൽ റോഡ് എന്നിവ സ്ഥലം നികത്തിയെടുത്ത് നിർമ്മിക്കുന്നതിനായിരുന്നു ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഹാർബർ ബേസിനിൽ മണൽ ലഭ്യമല്ലാതിരുന്നതിനാൽ പുലിമുട്ടിന്റെ ഏട്ടിൽ അടിഞ്ഞുകൂടിയിരുന്ന മണൽ |

| | | | |
|---|---|---|---|
| | | | ഡ്രഡ്ജ് ചെയ്ത് റിക്ലമേഷൻ നടത്തുന്നതിന് ഉദ്ദേശിച്ചെങ്കിലും പ്രദേശവാസികളുടെ എതിർപ്പുമൂലം ഡ്രഡ്ജിംഗ് ആരംഭിക്കാൻ കഴിഞ്ഞില്ല. കോഴിക്കോട് എൻ.ഐ.റ്റി.യുടെ പഠനം അനുസരിച്ച് ശേഷിക്കുന്ന റിക്ലമേഷൻ പ്രവൃത്തി നടത്തുന്നതിനായി ബേസിനിൽ അടിഞ്ഞു കൂടിയ ചളി ദൃഢപ്പെടുത്തിയെടുത്ത് നികത്തുന്നതിനുള്ള ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും ആയത് ലാഭകരമല്ല എന്ന് ബോദ്ധ്യപ്പെടുകയുണ്ടായി. ആയതിനാൽ ഗ്രാവലി എർത്ത് ഉപയോഗിച്ച് റിക്ലമേഷൻ നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയുണ്ടായി. ഇപ്രകാരം റിക്ലമേഷൻ നടത്തേണ്ടി വന്നതിനാലും പുലിമുട്ടുകളുടെ നിർമ്മാണ വേളയിലുണ്ടായ സിങ്കേജ് കാരണവും നിരക്കുവർദ്ധന മൂലവും എസ്റ്റിമേറ്റ് തുക ക്രമാതീതമായി വർദ്ധിക്കുകയുണ്ടായി. ആയതിനാൽ ശേഷിക്കുന്ന ഘടകങ്ങൾ പൂർത്തീകരിക്കുന്നതുൾപ്പെടെ പദ്ധതിയുടെ 6574 ലക്ഷം രൂപയുടെ കോംപ്രിഹെൻസീവ് റിപ്പോർട്ട് കേന്ദ്ര സർക്കാർ പരിഗണനയിലാണ്. 16.12.13 ൽ കേന്ദ്ര കൃഷി മന്ത്രിയുമായി ന്യൂഡൽഹിയിൽ വച്ച് നടത്തിയ ചർച്ചയിൽ പ്രസ്തുത കോംപ്രിഹെൻസീവ് റിപ്പോർട്ട് തത്ത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. കോംപ്രിഹെൻസീവ് റിപ്പോർട്ട് അംഗീകരിച്ചു കൊണ്ടുള്ള ഉത്തരവ് കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.<br>പ്രോജക്ട് സാങ്ഷനിംഗ് കമ്മറ്റി ഫെബ്രുവരി 3-ന് കൂടാനും ഇത് പരിഗണിക്കാനും സാദ്ധ്യതയുണ്ട്. |

സെക്ഷൻ ഓഫീസർ